File No.TCPKTM/61/2022-C

*"ഭരണഭാഷ–മാതൃഭാഷ"*

# തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം
## നഗരാസൂത്രകന്റെ നടപടിക്രമം

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – ഞീഴൂർ ഗ്രാമപഞ്ചായത്ത് – സോമിൽ നിർമ്മാണം (ഗ്രൂപ്പ്–G1)– സ്ഥലത്തിൻറെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ –ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**പരാമർശം** : 1. ശ്രീ. എം. ഒ. ഫിലിപ്പ്, ശ്രീ.പത്രോസ്, ശ്രീ. പി. എം. ബാബു എന്നിവരുടെ 09.08.2021, 08.12.2021, 18.01.2022 എന്നീ തീയതികളിലെ അപേക്ഷ.

2. ഈ കാര്യാലയത്തിലെ 05.10.2021, 07.01.2022 എന്നീ തീയതികളിലെ യഥാക്രമം TCPKTM/438/2021–C, TCPKTM/643/2021–C നമ്പർ കത്തുകൾ.

---

ഉത്തരവ് നമ്പർ : **TCPKTM/61/2022–C** തീയതി : **01/02/2022**

---

ഞീഴൂർ ഗ്രാമ പഞ്ചായത്തിൽ, ഞീഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 25 –ൽ സർവേ നമ്പർ 4/8–1 ൽ പെട്ട 2423 $m^2$ സ്ഥലത്ത് ഗ്രൂപ്പ് I (Hazardous) ഒക്കുപെൻസി വിഭാഗത്തിൽ പെടുന്ന, 88.71 $m^2$ വിസ്തീർണ്ണമുള്ള സോമിൽ, അനുബന്ധമായി 7.14 $m^2$ വിസ്തീർണ്ണമുള്ള ടോയ്‌ലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനാണ് അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത യൂണിറ്റിൽ ഉപയോഗിക്കുന്ന ആകെ Power 50 HP ഉം, തൊഴിലാളികളുടെ എണ്ണം 5 ഉം ആകുന്നു. അപേക്ഷകൾ പരിഗണിച്ച് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ –2019 (KPBR–2019) ചട്ടം 5(6), 30 എന്നിവ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി Usage of plot and lay–out of buildings അംഗീകാരം നൽകുന്നു.

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , KPBR –2019 ലെ ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ – 2019 (KPBR–2019) ലെ ചട്ടം.9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം , നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ചു സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം. ചട്ടം 6(4)(a)(i) പ്രകാരം അപേക്ഷകൻറെ വക തുടർച്ചയായി വരുന്ന സ്ഥലം മുഴുവനും സൈറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം.
3. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ

പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമാകരുത്.

4. പ്ലോട്ട് മണ്ണിട്ട് നികത്തുന്നതിന്/മണ്ണ്നീക്കം ചെയ്യുന്നത് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
5. നിർദ്ദിഷ്ട കെട്ടിടത്തിലേക്ക് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR-2019), ചട്ടം 28 പ്രകാരമുള്ള ആക്സസ് (internal access) ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
6. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
7. നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട ഭാഗങ്ങൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 (KPBR -2019) ചാപ്റ്റർ -XX ലെ നടപടിക്രമങ്ങൾ പാലിച്ച് ക്രമവൽക്കരിക്കേണ്ടതാണ്.
8. നിർമ്മാണം KPBR -2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ഞീഴൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ. 5/2022/KTM)**

**ANILKUMAR P, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
ഞീഴൂർ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ശ്രീ. എം. ഒ. ഫിലിപ്പ്, ശ്രീ. പത്രോസ്, ശ്രീ. പി. എം. ബാബു
2. കരുതൽ ഫയൽ 3. അധികം -1

S01022022